"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - മലയാളം മിഷൻ - തമിഴ്നാട് ചാപ്റ്ററിന്റെ പതിനഞ്ചാം വാർഷികാഘോഷത്തിലും അധ്യാപക സംഗമത്തിലും പങ്കെടുക്കുന്നതിനായി മലയാളം മിഷൻ ഡയറക്ടർ ശ്രീ. ആർ. മുരുകൻ നായർക്ക് വിമാനയാത്ര നടത്തിയതിന് പൂർവകാല പ്രാബല്യത്തോടെ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി)വകുപ്പ്**

സ.ഉ.(സാധാ) നം.239/2026/CLAD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:- 1. 16.02.2019- ലെ സ.ഉ(അ)നം.12/2019/ധന

2. മലയാളം മിഷൻ ഡയറക്ടറുടെ 12.01.2026 -ലെ 1621/18/മ മി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മദിരാശി കേരള സമാജത്തിൽ വച്ച് 2026 ജനുവരി 26 ന് നടക്കുന്ന മലയാളം മിഷൻ തമിഴ്നാട് ചാപ്റ്ററിന്റെ പതിനഞ്ചാം വാർഷികാഘോഷത്തിനും അധ്യാപക സംഗമത്തിനും നേതൃത്വം നൽകുന്നതിന് മലയാളം മിഷൻ ഡയറക്ടറെ ഭാരവാഹികൾ ക്ഷണിച്ചിട്ടുണ്ടെന്നും ടി സാഹചര്യത്തിൽ 2026 ജനുവരി 25 ന് തിരുവനന്തപുരത്തു നിന്നും ചെന്നൈയിലേക്കും ജനുവരി 27 ന് ചെന്നൈയിൽ നിന്നും തിരുവനന്തപുരത്തേക്കും വിമാനയാത്ര ചെയ്യുന്നതിന് മലയാളം മിഷൻ ഡയറക്ടർക്ക് അനുമതി നൽകണമെന്നും മലയാളം മിഷൻ ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. മദിരാശി കേരള സമാജത്തിൽ വച്ച് 2026 ജനുവരി 26 ന് നടക്കുന്ന മലയാളം മിഷൻ തമിഴ്നാട് ചാപ്റ്ററിന്റെ പതിനഞ്ചാം വാർഷികാഘോഷത്തിനും അധ്യാപക സംഗമത്തിനും നേതൃത്വം നൽകുന്നതിനായി 2026 ജനുവരി 25-ന് തിരുവനന്തപുരത്തു നിന്നും ചെന്നൈയിലേക്കും 2026 ജനുവരി 27-ന് ചെന്നൈയിൽ നിന്നും തിരുവനന്തപുരത്തേക്കും വിമാനയാത്ര ചെയ്യുന്നതിന് മലയാളം മിഷൻ ഡയറക്ടർക്ക് പൂർവകാല പ്രാബല്യത്തോടെ അനുമതി നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു. പ്രസ്തുത യാത്രയ്ക്ക് ആവശ്യമായ ചെലവ് സ്ഥാപനത്തിന്റെ നോൺ പ്ലാൻ വിഹിതത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, മലയാളം മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, സാംസ്കാരിക വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം
ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (C1/4/2026-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
Date: 13-03-2026 16:41:14

സെക്ഷൻ ഓഫീസർ

പകർപ്പ് : സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്.ന്